**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1038** **25.01.2018-ൽ മറുപടിക്ക്**

**ആവാസ് പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; | (എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ തിരുവനന്തപുരം ആസ്ഥാനമായുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷം ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വിവിധ തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) ഇതരസംസ്ഥാന തൊഴിലാളികൾക്കായി പ്രഖ്യാപിച്ച ആവാസ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) "ആവാസ്" പദ്ധതി പ്രകാരം 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആവാസ് പദ്ധതിയിലൂടെ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും ആരോഗ്യ സുരക്ഷയും അതോടൊപ്പം തൊഴിൽ സുരക്ഷയും ആണ് ലക്ഷ്യമിടുന്നത്. |
| (സി) ഇതേ വരെ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ ആവാസ് പദ്ധതിയിൽ അംഗത്വമെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) നിലവിൽ കേരളത്തിൽ ജോലി ചെയ്യുന്ന 83000 ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇതിനകം രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.